**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3695**

**20.10.2016 ൽ മറുപടിയ്ക്ക്**

## സർക്കാർ ഏറ്റെടുത്ത എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അനിൽ അക്കര | | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) മലാപ്പറമ്പ്, പാലാട്ട്, മങ്ങാട്ടുമുറി കിരാലൂർ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അടച്ചുപൂട്ടൽ ഭീഷണിയുണ്ടായിരുന്ന നാല് എയ്ഡഡ് സ്കൂളുകൾ 2016 ജൂലൈ 27 മുതൽ പൂർണ്ണമായി സർക്കാരിൽ നിക്ഷിപ്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;<br><br>(ബി) ഇപ്പോൾ പ്രസ്തുത സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാണോ; അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (എ) യും (ബി) യും | മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം. എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നീ സ്കൂളുകൾ 27.07.2016 മുതൽ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27.07.2016 - ലെ സ.ഉ. (പി) നം. 122/16/പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1332 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ സ്കൂളുകൾ പൂർണ്ണമായി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും ആയതിന്റെ നടപടിക്രമം നിരീക്ഷിക്കുന്നതിനും ആവശ്യമായ സമയം വേണമെന്ന് സർക്കാർ കരുതിയ സാഹചര്യത്തിൽ നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 3.08.16 -ലെ സ.ഉ. (പി) നം. 132/2016/ പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1383 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി സ്കൂൾ നടത്തിവന്ന മാനേജർമാർ സർക്കാർ നടപടി ക്കെതിരെ കോടതിയെ സമീപിച്ചത് സ്കൂൾ ഏറ്റെടുക്കു ന്നതിന് കാലതാമസം വരുത്തുന്നതിന് കാരണമായി ട്ടുണ്ട്. സർക്കാരിൽ നിക്ഷിപ്തമാ ക്കുന്നതിനായി നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനും മറ്റുമുള്ള റവന്യൂ വകുപ്പുതല നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (സി) | പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കാത്ത സ്കൂളുകൾ ഏറ്റെടുത്തതായി കാണിച്ച് പത്രപരസ്യം നൽകിയ സാഹചര്യം വ്യക്തമാക്കാമോ? | (സി) | സ.ഉ.(പി) നം. 122/2016/പൊ.വി. തീയതി 27.07.2016 പ്രകാരം പത്ര വാർത്തകൾ വന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. |

Priya

സെക്ഷൻ ഓഫീസർ